**വീടുകളിലേക്ക് കട്ട് ചെയ്ത തുണിയെത്തിച്ച്  മാസ്കും തുണിസഞ്ചികളും തയ്ച്ചു വാങ്ങി ആവശ്യക്കാരിലേക്കെത്തിച്ച് നൽകി കൊല്ലം ജില്ലയിലെ എസ്.വി.ഇ.പി. മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ**

കൊറോണ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന പശ്ചാത്തലത്തിൽ, വ്യത്യസ്തമായ ഒരു പ്രവർത്തനമാണ് കൊല്ലം ജില്ലയിൽ എസ്.വി.ഇ.പി. പദ്ധതിയുടെ ഭാഗമായി പത്തനാപുരം ബ്ലോക്കിലെ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിൽ നടക്കുന്നത്. വീടുകളിലേക്ക് കട്ട് ചെയ്ത തുണിയെത്തിച്ചു മാസ്കും തുണി സഞ്ചികളും തയ്ച്ചു വാങ്ങി ആവശ്യക്കാർക്ക് ഓർഡർ പ്രകാരം നൽകുകയാണ് ജില്ലയിലെ എസ്.വി.ഇ.പി. മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ ഗ്രൂപ്പായ സേവിക ഗ്രൂപ്പ്. കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്കിലെ പതിനഞ്ചു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരാണ് ഇത്തരത്തിൽ ഒരു ആശയം പ്രാവർത്തികമാക്കി സംരംഭകർക്കും ജനങ്ങൾക്കും സഹായമാകുന്നത്.

കുടുംബശ്രീ കൊല്ലം ജില്ലാമിഷനാണ് ഇത്തരം ഒരു ആശയം മുന്നോട്ടു വച്ചത്. ആദ്യ ഘട്ടത്തിൽ പത്തനാപുരം ബ്ലോക്കിലെ 6 പഞ്ചായത്തുകളിൽ നിന്നും പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ളവരുടെ കണക്കെടുത്ത ശേഷം ആണ് പദ്ധതി ആരംഭിച്ചത്. പ്രൊക്യൂറിങ്, കട്ടിങ്, മാർക്കറ്റിംഗ് എന്നീ മേഖലകളിൽ ആണ് സേവിക ഗ്രൂപ്പ് സംരംഭകർക്ക് സഹായം നൽകുന്നത്. തയ്ക്കാൻ ആവശ്യമായ തുണി ഹോൾസെയിൽ കച്ചവടക്കാരിൽ നിന്നും വാങ്ങി, പുനലൂരിലെ അപ്പാരൽ പാർക്കിൽ എത്തിച്ചു കൃത്യമായ അളവിൽ മുറിച്ചു, എം.ഇ.സി.മാരുടെ നേതൃത്വത്തിൽ സംരംഭകരുടെ വീടുകളിലേക്ക് എത്തിച്ചു തയ്ച്ചു വാങ്ങി, ബി.ആർ.സി.യിൽ (ബ്ലോക്ക് റിസോഴ്സ്

സെന്റർ) എത്തിച്ച ശേഷം ആവശ്യക്കാരിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. ഓർഡർ പ്രകാരം ജില്ലാമിഷനിലേക്കുള്ള തുണി സഞ്ചികളും മാസ്കുകളും ബി.ആർ.സി.യിൽ നിന്നും ജില്ലാമിഷനിലേക്ക് എത്തിക്കും. മാസ്കുകൾക്ക് നേരിട്ട് ലഭിക്കുന്ന ഓർഡറുകളും ഇത്തരത്തിൽ ചെയ്തു കൊടുക്കുന്നുണ്ട്.

ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ ഈ പ്രവർത്തനത്തിന് ഇവർ തുടക്കം കുറിച്ചിരുന്നു. ലോക്ക് ഡൗൺ നിലവിൽ വന്നതോടെ, പ്രത്യേക അനുമതി വാങ്ങിയാണ് ഹോൾസെയിൽ കട തുറന്ന് ആവശ്യമായ തുണി വൻതോതിൽ വാങ്ങുന്നത്. 25 യൂണിറ്റുകളിലേക്ക് ആണ്  മാസ്കും ക്ലോത്ത് ബാഗുകളും തയ്ക്കാനായി തുണികൾ എത്തിക്കുന്നത്.  പത്തനാപുരം ബ്ലോക്കിൽ എസ്.വി.ഇ.പി. പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ നിന്നും ഈ ഒരു പ്രവർത്തനത്തിൽ പങ്കാളികളാവാൻ താൽപര്യമുള്ള യൂണിറ്റുകളെ തിരഞ്ഞെടുക്കുകയായിരുന്നു. ഒരു ദിവസം 4120 ഡബിൾ ലയർ മാസ്കുകൾ തയ്ക്കാൻ ഉള്ള ശേഷിയാണ് ഈ യൂണിറ്റുകൾക്ക് ഉള്ളത്. ലോക്ക് ഡൗണിനു മുൻപ് തന്നെ, നാനൂതോളം സംരംഭകർക്ക് മൂന്ന് നാല് ദിവസം കൊണ്ട് നാല് ലക്ഷത്തോളം രൂപയുടെ വരുമാനം നേടി നല്കാൻ ഈ പ്രവർത്തനം കൊണ്ട് സാധിച്ചിരുന്നു. ഇത്തരം സമയോചിതമായ  ഇടപെടൽ വഴി സംരംഭകർക്കും മൈക്രോ എന്റർ+=!പ്രൈസ് കൺസൾട്ടന്റുമാർക്കും  ഒരു വരുമാനം ഉണ്ടാക്കാനും ഈ  പ്രവർത്തനത്തിലൂടെ സാധിക്കുന്നു.